## തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ മുതിർന്ന ഭരണകാര്യസ്ഥയുടെ നടപടി ക്രമം

(ഹാജർ: ഹേമപ്രഭ.ഡി)

വിഷയം: പൊ.മ.വ – ജീവനക്കാര്യം – ആലപ്പുഴ റസ്റ്റ് ഹൗസിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് വി.ഐ.പി മുറി നിഷേധിച്ചതിൽ ക്ലാർക്കിന് സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം:1. 31/10/2017 തീയതിയിലെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയുടെ 813/Spl.PS/ M(PWD&R)/2017 നമ്പർ കത്ത്

2. 01/11/2017 ലെ പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ വിജി-9/26261/2017 നം. അനൗദ്യോഗിക കുറിപ്പ്.

### ഉത്തരവ് നം.ഇ.ഡി.1-9155/2017 തീയതി 01/11/2017

ആലപ്പുഴ റസ്റ്റ് ഹൗസിൽ വി.ഐ.പി മുറികൾ ഉദ്യോഗസ്ഥർക്ക് നൽകി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് വി.ഐ.പി മുറി നിഷേധിച്ചതിൽ, റസ്റ്റ് ഹൗസിന്റെ ബുക്കിംഗ് ചുമതലയുള്ള ക്ലാർക്ക് ശ്രീ.പ്രദീപ്കുമാർ.ബി.യെ ദൂരേയ്ക്ക് സ്ഥലംമാറ്റി നിയമിക്കണമെന്ന് പരാമർശം (2) പ്രകാരം വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ആലപ്പുഴ ബിൽഡിംഗ്സ് ഡിവിഷൻ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ.പ്രദീപ് കുമാർ.ബിയെ ബിൽഡിംഗ്സ് സബ് ഡിവിഷൻ, എറണാകുളം കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു. വിടുതൽ ചെയ്യുന്നതും പുതിയ ജോലിയിൽ പ്രവേശിക്കുന്നതും യഥാസമയം അറിയിക്കേണ്ടതാണ്.

മുതിർന്ന ഭരണകാര്യസ്ഥ

വ്യക്തിക്ക് (വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്: 1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബിൽഡിംഗ്സ് സബ് ഡിവിഷൻ, എറണാകുളം

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബിൽഡിംഗ്സ് ഡിവിഷൻ, ആലപ്പുഴ